# അബുദാബി കിരീടാവകാശി ബഹുമാന്യനായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സയ്യിദ് അൽ നഹ്യാൻ്റെ ഭാരത സന്ദർശനം (2024 സെപ്തംബർ 9-10)

2024 സെപ്തംബർ 09

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ ക്ഷണപ്രകാരം അബുദാബി കിരീടാവകാശി ബഹുമാന്യനായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സയ്യിദ് അൽ നഹ്യാൻ 2024 സെപ്തംബർ 9-10 ദിവസങ്ങളിൽ ഭാരതത്തിൽ ഔദ്യോഗിക സന്ദർശനത്തിനെത്തുന്നു. കിരീടാവകാശി എന്ന നിലയിൽ ഇത് അദ്ദേഹത്തിൻ്റെ ആദ്യ ഭാരത സന്ദർശനമാണ്. ഭാരതത്തിൽ എത്തിയ അദ്ദേഹത്തെ ഇന്നലെ ന്യൂ ഡൽഹിയിൽ വച്ച് വാണിജ്യ വ്യവസായ മന്ത്രി ശ്രീ പീയൂഷ് ഗോയൽ സ്വീകരിക്കുകയും ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകുകയും ചെയ്തു. മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, കൂടാതെ ഒരു വലിയ ബിസിനസ് പ്രതിനിധി സംഘം എന്നിവർ അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്.

2. കിരീടാവകാശി ഇന്ന് പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. യു.എ.ഇ പ്രസിഡൻ്റ് ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനെ പ്രധാനമന്ത്രി ഊഷ്മളമായ ആശംസകളും സ്നേഹാന്വേഷണങ്ങളും അറിയിച്ചു. ഭാരത-യു.എ.ഇ തന്ത്രപ്രധാന സമഗ്ര പങ്കാളിത്തത്തിൽ സമീപ വർഷങ്ങളിൽ കൈവരിച്ച ഗണ്യമായ പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തുകയും ഉഭയകക്ഷി സഹകരണത്തിൻ്റെ എല്ലാ മേഖലകളിലെയും പങ്കാളിത്തം കൂടുതൽ വിശാലവും ആഴത്തിലും ആക്കാനുള്ള അവസരങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൻ്റെ (സി.ഇ.പി.എ) വിജയവും ഉഭയകക്ഷി നിക്ഷേപ ഉടമ്പടി (ബി.ഐ.ടി) അടുത്തിടെ പ്രാബല്യത്തിൽ വന്നതും ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ സാമ്പത്തിക, വാണിജ്യ പങ്കാളിത്തത്തിന് കൂടുതൽ പ്രചോദനം നൽകുമെന്ന് അവർ സമ്മതിച്ചു. ആണവോർജ്ജം, നിർണായക ധാതുക്കൾ, ഗ്രീൻ ഹൈഡ്രജൻ, കൃത്രിമബുദ്ധി, അത്യാധുനിക സാങ്കേതികവിദ്യകൾ എന്നിവയിൽ ഇതുവരെ ഉപയോഗിക്കാത്ത സാദ്ധ്യതകളുടെ പുതിയ മേഖലകൾ പര്യവേഷണം ചെയ്യേണ്ടതിൻ്റെ ആവശ്യകതയും അവർ അടിവരയിട്ടു പറഞ്ഞു.

3. സന്ദർശന വേളയിൽ താഴെപ്പറയുന്ന ധാരണാപത്രങ്ങൾ/കരാറുകൾ ഒപ്പുവച്ചു, ഇത് പരമ്പരാഗതവും പുതിയതുമായ സഹകരണ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിന് കളമൊരുക്കി-

· ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും (എൻ.എൻ.പി.സി.ഐ.എൽ) എമിറേറ്റ്സ് ന്യൂക്ലിയർ എനർജി കോർപ്പറേഷനും (ഇ.എൻ.ഇ.സി) തമ്മിൽ ആണവ സഹകരണം സംബന്ധിച്ച ധാരണാപത്രം

· അബുദാബി നാഷണൽ ഓയിൽ കമ്പനിയും (അഡ്നോക്) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ ദീർഘകാല എൽ.എ.ൻജി വിതരണത്തിനുള്ള കരാർ

· അഡ്നോക്-ഉം ഇന്ത്യ സ്ട്രാറ്റജിക് പെട്രോളിയം റിസർവ് ലിമിറ്റഡും (ഐ.എസ്.പി.ആർ.എൽ) തമ്മിലുള്ള ധാരണാപത്രം

· ഉർജാ ഭാരതും ADNOC ഉം തമ്മിൽ അബുദാബി ഓൺഷോർ ബ്ലോക്ക് 1-നുള്ള ഉൽപ്പാദന ഇളവ് കരാർ.

· ഭാരതത്തിലെ ഫുഡ് പാർക്കുകളുടെ വികസനം സംബന്ധിച്ച് ഗുജറാത്ത് സർക്കാരും അബുദാബി ഡെവലപ്മെൻറൽ ഹോൾഡിംഗ് കമ്പനിയായ പി.ജെ.എസ്.സി (എ.ഡി.ക്യു) യും തമ്മിലുള്ള ധാരണാപത്രം

4. ആണവ സഹകരണം സംബന്ധിച്ച ധാരണാപത്രം ആണവ നിലയങ്ങളുടെ പ്രവർത്തനം പരിപാലനം, ഭാരതത്തിൽ നിന്ന് ആണവ ചരക്കുകളും സേവനങ്ങളും എത്തിച്ചു നൽകൽ, പരസ്പര നിക്ഷേപ സാദ്ധ്യതാ പരിശോധന, ശേഷി വർദ്ധിപ്പിക്കൽ എന്നിവയിലെ സഹകരണം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5. എൽ.എൻ.ജിയുടെ ദീർഘകാല വിതരണത്തിനുള്ള കരാർ പ്രതിവർഷം 1 ദശലക്ഷം മെട്രിക് ടണ്ണിന് (എം.എം.ടി.പി.എ) ഉള്ളതാണ്, ഇത് ഒരു വർഷത്തിനിടെ ഒപ്പുവച്ച മൂന്നാമത്തെ കരാറാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷനും ഗെയിലും അഡ്നോക്കുമായി യഥാക്രമം 1.2 ദശലക്ഷം മെട്രിക് ടൺ, 0.5 ദശലക്ഷം മെട്രിക് ടൺ എന്നിവയ്ക്കുള്ള ദീർഘകാല കരാറുകളിൽ നേരത്തെ ഒപ്പുവച്ചിരുന്നു. ഈ കരാറുകൾ എൽ.എൻ.ജി

സ്രോതസ്സുകളെ വൈവിദ്ധ്യവൽക്കരിച്ചുകൊണ്ട് ഭാരതത്തിൽ ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്തിയിട്ടുണ്ട്.

6. അഡ്നോക്കും ഐ.എസ്.പി.ആർ.എൽ-ഉം തമ്മിലുള്ള ധാരണാപത്രം, മറ്റുപലതിനുമൊപ്പം ഭാരതത്തിൽ ക്രൂഡ് സംഭരണത്തിനുള്ള അധിക അവസരങ്ങളിൽ അഡ്നോക്കിൻ്റെ പങ്കാളിത്ത സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പരസ്പരം സ്വീകാര്യമായ നിബന്ധനകളും വ്യവസ്ഥകളും മുഖേന അവരുടെ സംഭരണ-മാനേജ്മെൻ്റ് കരാർ പുതുക്കുന്നതിനും സഹായിക്കുന്നു. ഈ ധാരണാപത്രം 2018 മുതൽ ഐ.എസ്.പി.ആർ.എൽ-ൻ്റെ മംഗലാപുരം ഡിപ്പോയിൽ ക്രൂഡ് സംഭരണത്തിൽ അഡ്നോക്കിൻ്റെ നിലവിലുള്ള പങ്കാളിത്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

7. അബുദാബി ഓൺഷോർ ബ്ലോക്ക് 1-ന് വേണ്ടി ഊർജ ഭാരതും (ഐഒസിഎൽ, ഭാരത് പെട്രോ റിസോഴ്സ് ലിമിറ്റഡ് എന്നിവയുടെ സംയുക്ത സംരംഭം), അഡ്നോക്കും തമ്മിലുള്ള ഉത്പാദന ഇളവ് കരാർ, യു.എ.ഇ-യിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു ഭാരതീയ കമ്പനിയുമായുള്ള ആദ്യ കരാറാണ്. ഈ ഇളവ് ഊർജ ഭാരതിന് ഭാരതത്തിലേക്ക് ക്രൂഡ് ഓയിൽ കൊണ്ടുവരാനുള്ള അധികാരം നൽകുകയും, അതുവഴി രാജ്യത്തിൻ്റെ ഊർജ സുരക്ഷയ്ക്ക് സംഭാവന നൽകാൻ സാധിക്കുകയും ചെയ്യുന്നു.

8. ഫുഡ് പാർക്കുകൾ സംബന്ധിച്ച ധാരണാപത്രം, 2025-ൻ്റെ രണ്ടാം പാദത്തിൽ ഫുഡ് പാർക്ക് പദ്ധതി ആരംഭിക്കുന്നതിനായി ഗുണ്ടൻപാറ, ബാവ്ല, അഹമ്മദാബാദ് എന്നിവിടങ്ങൾ ഭാവി കേന്ദ്രീകൃതമായി വികസിപ്പിക്കുന്നതിനുള്ള എ.ഡി.ക്യൂ-വിൻ്റെ താത്പര്യം വ്യക്തമാക്കുന്നു. പ്രദേശത്തെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ നേടുന്നതിനും ആവശ്യമായ അനുമതികൾ ലഭിക്കുന്നതിൽ സഹായിക്കുന്നതിനും ഗുജറാത്ത് സർക്കാർ എ.ഡി.ക്യൂ, എ.ഡി. തുറമുഖങ്ങൾക്ക് സൗകര്യമൊരുക്കും.

9. ബഹുമാന്യനായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ രാഷ്ട്രപതിഭവനിൽ രാഷ്ട്രപതി ശ്രീമതി. ദ്രൗപതി മുർമുവിനെയും സന്ദർശിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഊഷ്മളവും ചരിത്രപരവും സമഗ്രവുമായ ബന്ധങ്ങളും സമീപ വർഷങ്ങളിൽ ആരംഭിച്ച നിരവധി സംരംഭങ്ങളെപ്പറ്റിയുള്ള വിഷയങ്ങളും ചർച്ചകളിൽ ഉൾപ്പെട്ടു. 3.5 ദശലക്ഷത്തിലധികം

ഭാരതീയർക്ക് ആതിഥ്യമരുളുന്നതിൽ യു.എ.ഇ ഭരണകർത്താക്കൾക്ക് നേതൃത്വത്തിന് രാഷ്ട്രപതി മുർമു നന്ദി പറഞ്ഞു.

10. കിരീടാവകാശി രാജ്ഘട്ട് സന്ദർശിച്ച് മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികളും അർപ്പിച്ചു. 1992-ൽ യു.എ.ഇ.യുടെ മുൻ പ്രസിഡൻ്റായിരുന്ന ബഹുമാന്യനായ ഷെയ്ഖ് സായിദ്ബിൻ സുൽത്താൻ അൽ നഹ്യാൻ, 2016-ൽ യു.എ.ഇ പ്രസിഡൻ്റായിരുന്ന ബഹുമാന്യനായ ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ എന്നിവർക്കു ശേഷം രാജ്ഘട്ടിൽ തൈ നട്ടുപിടിപ്പിക്കുന്ന യു.എ.ഇ.യിൽ നിന്നുള്ള മൂന്നാം തലമുറ നേതാവായി അദ്ദേഹം മാറി. ഇരു രാജ്യങ്ങളും തമ്മിൽ തലമുറകളായുള്ള ശക്തമായ ബന്ധത്തിൻ്റെ തുടർച്ച പ്രകടമാക്കുന്ന അതുല്യവും അപൂർവവുമായ ഒരു അവസരമായിരുന്നു ഇത്. രാജ്ഘട്ടിൻ്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു രാജ്യത്തിൻ്റെ മൂന്ന് തലമുറയിലെ നേതാക്കൾ മഹാത്മാവിനെ ആദരിച്ച് മരങ്ങൾ നടുന്നത്.

11.  ബഹുമാന്യനായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നാളെ മുംബൈ സന്ദർശിക്കുകയും ഭാരത-യു.എ.ഇ ബിസിനസ് ഫോറത്തിൽ പങ്കെടുക്കുകയും ചെയ്യും. വിവിധ മേഖലകളിൽ രാജ്യങ്ങൾ തമ്മിലുള്ള ഭാവി സഹകരണത്തിനു രൂപം നൽകുന്നതിന് ഇരുപക്ഷത്തുമുള്ള ബിസിനസ്സ് നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും ഫോറം ഒരു വേദി നൽകുന്നു. ഭാരത-യു.എ.ഇ വെർച്വൽ ട്രേഡ് കോറിഡോർ (വി.ടി.സി) ആരംഭിക്കുന്നതിനും വിടിസി സുഗമമാക്കുന്നതിനായി മൈത്രി ഇൻ്റർഫേസിൻ്റെയും സോഫ്റ്റ് ലോഞ്ചുകളും നാളെ മുംബൈയിൽ നടക്കും.

**ന്യൂ ഡൽഹി**
**2024 സെപ്തംബർ 09**